# STD - IX

## അദ്ധ്യാപക സഹായി

## പാഠം – ഏഴ് സഭയും സന്ന്യസ്ത ജീവിതവും ഭാഗം – ഒന്ന്

### ലക്ഷ്യം

സർവസംഗ പരിത്യാഗികളായി യേശുവിനെ അടുത്തനുഗമിക്കാൻ ദൈവം പ്രത്യേകം തിരഞ്ഞെടുത്തവരാണ് സന്ന്യസ്തർ. എല്ലാം ത്യജിച്ച് ക്രിസ്തുവിനായും സുവിശേഷ ത്തിനായും സ്വയം സമർപ്പിച്ച സന്ന്യസ്തരെപ്പോലെ ഞാനും ദൈവമഹത്വത്തിനായി ശുശ്രൂഷകൾ ചെയ്യും. ദൈവത്തിനായി സ്വന്തം ജീവിതം സമർപ്പിച്ച സന്ന്യസ്തരുടെ സേവനങ്ങൾ മനസ്സിലാക്കുകയും അവരെ ബഹുമാനിക്കുകയം ചെയ്യും.

### പഠനസഹായികൾ

* വീഡിയോ – ഈജിപ്തിലെ വിശുദ്ധ അന്തോണിയുടെ അത്ഭുതങ്ങൾ
* ചിത്രങ്ങൾ – ഈജിപ്തിലെ വിശുദ്ധ അന്തോനീസ്, വിശുദ്ധ പക്കോമിയൂസ്, വിശുദ്ധ അത്തനേഷ്യസ്, മിലാനിലെ വിശുദ്ധ അംബ്രോസ്, വിശുദ്ധ ക്ലാര, വിശുദധ ഫ്രാൻസിസ് അസീസ്സി
* സന്ന്യാസി സമൂഹങ്ങളുടെ പേരുകൾ എഴുതിയ ചാർട്ട്.
* വിശുദ്ധ ഫ്രാൻസിസ് അസീസ്സിയുടെ കഥ

### പാഠത്തിന്റെ ഉള്ളടക്കം

* ക്ലാരയോട് എല്ലാ ഭിക്ഷക്കാരുടെയും കയ്യിൽനിന്ന് ഭിക്ഷ ചോദിച്ചു വാങ്ങിയ തുണി കഷണങ്ങൾ കൊണ്ട് ഉടുപ്പ് തുന്നിത്തരുവാൻ ആവശ്യപ്പെട്ട -ദാരിദ്ര്യത്തെ അത്രയ ധികം സ്നേഹിച്ച വിശുദ്ധ ഫ്രാൻസിസ് അസീസ്സിയുടെ കഥ.
* ഈജിപ്തിലെ വിശുദ്ധ അന്തോണിയുടെ അത്ഭുതങ്ങൾ നിറഞ്ഞ കഥയിലൂടെ പാഠ ത്തിലേക്ക് പ്രവേശിക്കുന്നു.
* സന്ന്യാസ സമൂഹങ്ങളുടെ തുടക്കം. ഈജ്പ്തിലെ വിശുദ്ധ അന്തോനീസ് മുതൽ മിലാനിലെ വിശുദ്ധ അംബ്രോസ് വരെ ഏകാന്ത കേന്ദ്രങ്ങളിൽ കൂട്ടമായി ജീവിച്ച സന്ന്യാസികൾ.
* ബെനഡിക്ടൈൻ സന്ന്യാസി സമൂഹം – നിയമാവലി
* ഫ്രാൻസിസ്കൻ സന്ന്യാസി സമുഹം– സാമൂഹിക സേവനം, അജപാലനം, വിദ്യാ ഭ്യാസം, മിഷൻ പ്രവർത്തനം.
* കപ്പൂച്ചിൻ സന്ന്യാസ സമൂഹം – സാമൂഹിക സേവനം, പാവപ്പെട്ടവരുടെയും സാധാ രണക്കാരുടെയും സമുദ്ധാരണം.

* ഈശോസഭ – വിദ്യാഭ്യാസ പ്രവർത്തനങ്ങൾ – ത്രെന്തോസ് സൂനഹദോസ് സെമിനാരികൾ ആരംഭിക്കാൻ തീരുമാനിക്കുന്നു.
* രണ്ടാം വത്തിക്കാൻ കൗൺസിൽ – സന്ന്യാസ സമൂഹങ്ങളുടെ പ്രവർത്തനങ്ങളുടെ അന്തഃസത്ത.

## പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ, അങ്ങയുടെ സുവിശേഷത്തിനുവേണ്ടി സ്വയം സമർപ്പിച്ച സന്ന്യസ്തരെ എന്നും ആദരിക്കുവാനും ബഹുമാനിക്കുവാനും ഞങ്ങളെ പഠിപ്പിക്കേണമേ. അങ്ങയെ അനുഗമിച്ചുകൊണ്ട് സുവിശേഷ വേല ചെയ്യുന്ന സന്ന്യസ്തരെ ശക്തിപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. ആദിമസഭയിൽ ഏകാന്ത കേന്ദ്രങ്ങളിൽ കൂട്ടമായി താപസജീവിതം നയിച്ച വിശുദ്ധരുടെ പേരുകൾ എഴുതുക.
2. ഫ്രാൻസിസ്കൻ സന്ന്യാസ സമൂഹത്തിന്റെ സേവനപ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?
3. ത്രെന്തോസ് സൂനഹദോസ് സെമിനാരികൾ ആരംഭിക്കുവാൻ തീരുമാനിച്ചപ്പോൾ ഏത് സഭക്കാരെയാണ് ഏൽപ്പിച്ചത്?
4. സന്ന്യാസ സമൂഹങ്ങളുടെയെല്ലാം അന്തഃസത്ത, ലക്ഷ്യം എന്തായിരിക്കണമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ നിഷ്കർഷിച്ചത്?
5. ആദികാലത്തെ സന്ന്യാസ സമൂഹം എപ്രകാരമുള്ളതായിരുന്നു. കത്തോലിക്കാ സന്ന്യാസ സമൂഹങ്ങളുടെ തുടക്കത്തെയും വളർച്ചയെയുംകുറിച്ച് ഒരു കുറിപ്പെഴുതുക.

# STD - IX

## അദ്ധ്യാപക സഹായി

## പാഠം – ഏഴ്   സഭയും സന്ന്യസ്ത ജീവിതവും   ഭാഗം – രണ്ട്

### ലക്ഷ്യം

സന്ന്യസ്തർ – അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതപുണ്യങ്ങൾ വഴി പരസ്പര സ്നേഹത്തിലും ദൈവവുമായുള്ള ബന്ധത്തിലും ശക്തിപ്രാപിക്കുകയും, ദൈവികസ്നേഹത്തിൽ വളരുകയും സകലജനത്തിനും ശുശ്രൂഷ ചെയ്യുകയും ചെയ്യുന്നു. സ്വന്തം രക്ഷയോടൊപ്പം അനേകരുടെ രക്ഷയ്ക്കും മോചനത്തിനുവേണ്ടി നിത്യവും പ്രാർത്ഥിക്കുന്ന സന്ന്യസ്തർക്കുവേണ്ടി ഞാനും നിരന്തരം പ്രാർത്ഥിക്കും.

### പഠനസഹായികൾ

* Word Card - സന്ന്യാസ വ്രതങ്ങൾ
* വചനം – യോഹ. 4:34, ഫിലിപ്പി 2:8, മത്താ. 6:19–20, ലൂക്കാ. 12:34
* വിവിധ റീത്തുകളിലെ വിവിധ മേഖലകളിലെ സന്ന്യാസ സമൂഹത്തിന്റെ സേവനത്തിന്റെ ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* സന്ന്യാസ വ്രതങ്ങൾ
* അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം
* അനുസരണം – കുരിശുമരണത്തോളം കീഴ്വഴങ്ങിയ ക്രിസ്തുവിന്റെ അനുസരണം
* ദാരിദ്ര്യം – മറ്റുള്ളവർക്കുവേണ്ടി ഉള്ളതും ഉള്ളവും പങ്കുവയ്ക്കുക. സ്വർഗ്ഗത്തിൽ തങ്ങൾക്കായി നിക്ഷേപം കരുതിവയ്ക്കുന്നു.
* ആരെയും സ്വന്തമാക്കാതെ എല്ലാവർക്കും എല്ലാമായി മാറുന്നതിനുവേണ്ടി സന്ന്യസ്തർ ബ്രഹ്മചര്യത്തെ വരിക്കുന്നു.
* സന്ന്യസ്തരുടെ സമൂഹജീവിതം – പ്രാർത്ഥന ജീവിതം – വ്രതത്രയം അനുസരിച്ചുള്ള ജീവിതം, സമൂഹത്തിൽ ദൈവരാജ്യം കൊണ്ടുവരാനുള്ള പ്രവർത്തനം

### പ്രാർത്ഥന

നിരന്തരമായ പ്രാർത്ഥനയിലൂടെയും, സമൂഹജീവിത ശുശ്രൂഷകളിലൂടെയും സുവിശേഷ ചൈതന്യത്താലും സന്ന്യസ്തരെ ആഴമായ ദൈവാനുഭവത്തിലേക്കും സഹോദര സ്നേഹത്തിലേക്കും വിശുദ്ധിയുടെ പൂർണതയിലേക്കും വളർത്തുന്ന കാരുണ്യവാനായ

ദൈവമേ, അങ്ങേയ്ക്കുവേണ്ടി സ്വയം സമർപ്പിച്ച എല്ലാ സന്ന്യസ്തരെയും എന്നും ആദരിക്കുവാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും വേണ്ട അനുഗ്രഹം ഞങ്ങൾക്ക് തന്നരുളണമേ.

## ചോദ്യങ്ങൾ

1. സന്ന്യാസ വ്രതത്രയം എന്നാൽ എന്ത്? അവ ഏതെല്ലാം?
2. അനുസരണയെന്ന വ്രതത്തിന് അടിസ്ഥാനം എന്ത്? വിശദമാക്കുക വചനങ്ങൾ സഹിതം.
3. എന്താണ് ദാരിദ്ര്യവ്രതത്തിന്റെ കാതൽ?
4. ബ്രഹ്മചര്യവ്രതത്തിന്റെ ലക്ഷ്യം എന്താണ്?
5. സന്ന്യസ്തരുടെ സമൂഹജീവിതത്തെക്കുറിച്ച് കുറിപ്പെഴുതുക.